ഉപജില്ല അദാലത്ത് സമിതിയുടെ ഒരു യോഗം 23.12.24 തീയ്യതി പകൽ 11 മണിക്ക് ചേർന്നു. പ്രസ്തുത യോഗത്തിന്റെ ഹാജരും തീരുമാനങ്ങളും.

ഹാജർ

1. സതീശൻ കെ വി   ഐവിഒ & കൺവീനർ
2. ബിജു പി വി   AEE, പയ്യന്നൂർ ബ്ലോക്ക പഞ്ചായത്ത്
3. നിധിൻ കുമാർ എസ്, ഡെപ്യൂട്ടി ടൌൺ പ്ലാനർ (ഓൺലൈൻ)

തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ.

1.സുനിൽകുമാർ പി, എ ഇ , ആന്തൂർ മുൻസിപ്പാലിറ്റി
2.ശ്രീകുമാർ എം വി,  എ ഇ , എരമം-കുറ്റൂർ ഗ്രാമപഞ്ചായത്ത്
3. സജിനി കെ കെ,    ഓവർസീയർ, എരമം-കുറ്റൂർ ഗ്രാമപഞ്ചായത്ത്
4.റീന പി , സീനിയർ ക്ലാർക്ക്, എരമം-കുറ്റൂർ ഗ്രാമപഞ്ചായത്ത്
5.നിഷ കെ പി,  ജൂനിയർ സൂപ്രണ്ട്, ചെറുതാഴം ഗ്രാമപഞ്ചായത്ത്
6.സന്ധ്യ ഐ,  സീനിയർ ക്ലാർക്ക്, ചെറുതാഴം ഗ്രാമപഞ്ചായത്ത്
7.ലജിന വി, സീനിയർ ക്ലാർക്ക്. ഏഴോം ഗ്രാമപഞ്ചായത്ത്

പരാതിക്കാർ/പ്രതിനിധികൾ

1.കാർത്തികേയൻ
2.പി തമ്പാൻ
3.പത്മനാഭൻ
4.പ്രകാശൻ
5.ഭരതൻ
6.രത്നാകരൻ കെ

**അജണ്ട 1.**

ആന്തൂർ നഗരസഭക്കെതിരെ ശ്രീമതി. ശ്രീലത കാർത്തികേയൻ നൽകിയ പരാതി.
പരാതിയുടെ ഉള്ളടക്കം.
ആന്തൂർ നഗരസഭയിലെ 28 ാം വാർഡിൽ 13-01-14 ലെ 648/13-14 നമ്പർ പെർമിറ്റ് ലഭിച്ചതിൻറെ അടിസ്ഥാനത്തിൽ വീട് നിർമ്മാണം പൂർത്തീകരിക്കുകയും കെട്ടിട നമ്പറിനായി മുൻസിപ്പാലിറ്റിയിൽ അപേക്ഷ നൽകുകയും ചെയ്തിട്ടുള്ളതാണ്. മുൻസിപ്പാലിറ്റി ആവശ്യപ്പെട്ട പ്രകാരം നിരവധി തവണ പ്ലാൻ തിരുത്തി നൽകിയെങ്കിലും കെട്ടിട നമ്പർ അനുവദിച്ചു കിട്ടിയില്ല എന്നതാണ് പരാതി. മുൻസിപ്പാലിറ്റിയിലെ ഫയലുകൾ പരിശോധിച്ചതിൻറേയും പരാതിക്കാരിയെ കേട്ടതിൻറെയും അടിസ്ഥാനത്തിൽ നിലവിൽ പരാതിക്കാരിയുടെ വീടിന് സമീപത്തുകൂടി കടന്നുപോകുന്ന 6 മീറ്റർ വീതിയുള്ള റോഡിൽനിന്നും വീടിൻറെ ഒരു ഭാഗത്തേക്ക് 2.4 മീറ്റർ മാത്രമാണ് ലഭ്യമാവുന്നത്.

**തീരുമാനം.**
1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 383 എ പ്രകാരം റോഡ് അതിരും കെട്ടിടവും തമ്മിൽ ആവശ്യമായ അകലം ലഭ്യമല്ല. കെട്ടിട നിർമ്മാണം 2019 നവംബർ 7 ാം തീയ്യതിക്ക് മുമ്പ് പൂർത്തീകരിച്ചതിനാൽ 2024 ലെ കേരള മുൻസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങൾ പ്രകാരം

ക്രമവൽക്കരിക്കുന്നതിന് മുൻസിപ്പൽ സെക്രട്ടറി മുഖേന അപേക്ഷ സമർപ്പിക്കുന്നതിന് പരാതിക്കാരിയോട് നിർദ്ദേശിച്ച് തീരുമാനിച്ചു.

**അജണ്ട 2.**

സെക്രട്ടറി, എരമം-കുറ്റൂർ സർവ്വീസ് സഹകരണ ബാങ്ക് എരമം-കുറ്റൂർ ഗ്രാമപഞ്ചാത്തിനെതിരെ നൽകിയ പരാതി.

<u>പരാതിയുടെ ഉള്ളടക്കം.</u>

എരമം-കുറ്റൂർ സർവ്വീസ് സഹകരണ ബാങ്കിൻറെ പേരിൽ ബ്രാഞ്ചിന് വേണ്ടി ഒരു പുതിയ കെട്ടിടം പണിയുന്നതിന് പഞ്ചായത്തിൽ നിന്നും പെർമിറ്റ് എടുത്ത് പണി പൂർത്തിയാത്തിയിട്ടുണ്ടെന്നും കെട്ടിടവും റോഡും തമ്മിലുള്ള ദൂരപരിധി പാലിക്കുന്നതിൽ 40 സെ.മീ കുറവ് കുറവി വന്നിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ച മറ്റ് ന്യൂനതകളെല്ലാം പരിഹരിച്ചുട്ടുണ്ടെന്നും ആയതിനാൽ കെട്ടിട നമ്പർ അനുവദിക്കണമെന്നുമാണ് പരാതിക്കാരൻറെ ആവശ്യം.

പരാതിക്കാരനെ കേട്ടതിലും എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ രേഖകൾ പരിശോധിച്ചതിലും പ്രകാരം എരമം വില്ലേജിലെ റീസർവ്വെ നമ്പർ 106/5, 106/111 ൽ പെട്ട സ്ഥലത്ത് 284.73 ചതുരശ്ര മീറ്റർ വിസ്തൃതിയിലുള്ള കെട്ടിട നിർമ്മാണം നടത്തുന്നതിന് ഗ്രാമപഞ്ചായത്തിൽനിന്നും അനുമതി നൽകിയിട്ടുള്ളതാണ്. എന്നാൽ 10-06-2024 ന് സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന് 308.49 ച. മീ വിസ്തീർണ്ണമുണ്ട്. കൂടാതെ PWD റോഡിൽനിന്നും കുറഞ്ഞത് 3 മീറ്റർ അകലം ലഭ്യമല്ല തുടങ്ങി 9 അപാകതകൾ സെക്രട്ടറി അപേക്ഷകനെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ അപാകത പരിഹരിച്ച് അപേക്ഷ പുനസമർപ്പിച്ചിട്ടില്ലാത്തതാണ്. ആയവയിൽ 2019 ലെ കെപിബിആർ ചട്ടം 23 പ്രകാരം കെട്ടിടത്തിന് റോഡിൽ നിന്നും 3 മീറ്റർ അകലം ലഭ്യമല്ല,സെപ്റ്റിക് ടാങ്കിന് PWD റോഡിൽ നിന്നും 3 മീറ്റർ അകലം ലഭ്യമല്ല എന്നിവ ഒഴികെ മറ്റ് അപാകതകൾ പ്ലാൻ തയ്യാറാക്കിയതിലും പ്രവൃത്തി പൂർത്തീകരിക്കാത്തതിലും സംഭവിച്ചതാണെന്ന് കാണുന്നു.

**തീരുമാനം.**

പൂർത്തീകരിക്കാൻ ബാക്കിയുള്ള നർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചും പ്ലാൻ തയ്യാറാക്കുന്നത് സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതിനും അപേക്ഷകനോട് നിർദ്ദേശിച്ചു. കൂടാതെ PWD റോഡിൽ നിന്നും2019 ലെ കെപിബിആർ ചട്ടം 23 പാലിക്കുന്നവിധത്തിൽ സെപ്റ്റിക്ക് ടാങ്കിനും കെട്ടിടഭാഗത്തിനും മാറ്റങ്ങൾ വരുത്തി അപേക്ഷ പുനർസമർപ്പിക്കുന്നതിന് പരാതിക്കാരനോട് നിർദ്ദേശിച്ച് തീരുമാനിച്ചു.

**അജണ്ട 3.**

പത്മനാഭൻ എ വി എന്നവർ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിനെതിരെ നൽകിയ പരാതി.

<u>പരാതിയുടെ ഉള്ളടക്കം.</u>

ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് പെർമിറ്റിന് അപേക്ഷിച്ചപ്പോൾ പ്ലോട്ടിൻറെ കിഴക്ക് ഭാഗം പ്ലോട്ടിനും റോഡിനും ഇടയിൽ ആക്സസ് രേഖപ്പെടുത്തിയത് മറ്റൊരു പ്ലോട്ടിലൂടെയാണ്. സൈറ്റ് പരിശോധനയിൽ തോട്ടിലൂടെയാണ് ആക്സസ് കാണിച്ചിട്ടുള്ളത് എന്നും ഇക്കാരണങ്ങളാൽ പഞ്ചായത്ത് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നില്ല എന്നാൽ നിലവിൽ അവിടെ തോടൊന്നും ഇല്ലാ എന്നതാണ് പരാതി .

പഞ്ചായത്തിലെ ഫയൽ പരിശോധിച്ചതിലും അപേക്ഷകനെ കേട്ടതിലും സമർപ്പിച്ചിരിക്കുന്ന പ്ലാനിൽ അപാകത സംഭവിച്ചിട്ടുണ്ടെന്ന് കാണുന്നു. വില്ലേജ് ഓഫീസർ നൽകിയ ലൊക്കേഷൻ സ്കെച്ചുമായി തയ്യാറാക്കിയ പ്ലാൻ പൊരുത്തപ്പെടുന്നില്ല എന്ന് കാണുന്നു. കൂടാതെ 3 മീറ്റർ വീതിയുള്ള ആക്സസ് രേഖപ്പെടുത്തിയിരിക്കുന്നത് മറ്റൊരു

പ്ലോട്ടിലൂടെയാണ്. എന്നാൽ അപേക്ഷകനെ കേട്ടത് പ്രകാരം തൻറെ പ്ലോട്ടിൽ നിന്നും നേരിട്ട് നിലവിലുള്ള പ്ലോട്ടിലേക്ക് ആക്സസ് ലഭ്യമാണന്ന് കാണുന്നു.

**തീരുമാനം.**
പ്ലാൻ തയ്യാറാക്കിയതിൽ സംഭവിച്ച അപാകതകൾ കാരണമാണ് പ്ലാൻ അംഗീകരിച്ച് പെർമിറ്റ് അനുവദിക്കാൻ സാധിക്കാത്തത് എന്ന് കാണുന്നു. ആയതിനാൽ സൈറ്റ് പ്ലാനിലെ അപാകതകൾ പരിഹരിച്ച് അപേക്ഷ പുനഃസമർപ്പിക്കുന്നതിന് പരാതിക്കാരനോട് നിർദ്ദേശിച്ച് തീരുമാനിച്ചു.

**അജണ്ട 4.**
അനിൽ എം എന്നവർ കാങ്കോൽ–ആലപ്പടമ്പ ഗ്രാമപഞ്ചായത്തിനെതിരെ നൽകിയ പരാതി.

**പരാതിയുടെ ഉള്ളടക്കം.**

മിശ്രവിവാഹിതരായ ദമ്പതികൾക്ക് സാമ്പത്തികാനുകൂല്യം നൽകണമെന്നാണ് അപേക്ഷകൻറെ ആവശ്യം.

**തീരുമാനം.**
മിശ്രവിവാഹിതർക്കുള്ള ധനസഹായം എന്ന വിഷയം സിറ്റിസൺ അദാലത്തിൻറെ വിഷയ പരിധിയിൽ വരുന്നതല്ല. ആകയാൽ പരാതി നിരസിച്ചു തീരുമാനിച്ചു.

**അജണ്ട 5.**
കാങ്കോൽ–ആലപ്പടമ്പ ഗ്രാമപഞ്ചായത്തിനെതിരെ പ്രകാശൻ കെ എന്നവരുടെ പരാതി.

**പരാതിയുടെ ഉള്ളടക്കം.**
പൂർത്തീകരിച്ച തൻറെ കെട്ടിടത്തിന് ഗ്രാമപഞ്ചായത്ത് അപാകതകൾ ചൂണ്ടികാണിച്ച് നമ്പർ അനുവദിക്കുന്നില്ല എന്നതാണ് പരാതി.

ഗ്രാമപഞ്ചായത്തിലെ ഫയലുകൾ പരിശോധിച്ചതിലും അപേക്ഷകനെ നേരിട്ട് കേട്ടതിലും കെട്ടിത്തിന് താഴെ പറയുന്ന അപാകതകൾ പരിഹരിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും ആയവ പരിഹരിച്ച് അപേക്ഷ പുനഃസമർപ്പിക്കുന്നതിന് പരാതിക്കാരൻ തയ്യാറായിട്ടില്ല എന്ന് കാണുന്നു.

2019 ലെ കെപിബിആർ ചട്ടം 35 പ്രകാരം കെട്ടിടത്തിൻറെ സ്റ്റെയറിന് ആവശ്യമായ അളവുകൾ ലഭ്യമല്ല. ചട്ടം 42 പ്രകാരം ഡിസേബിൾഡ് റാംപ്, ടൊയ്‌ലറ്റ് സൌകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. ചട്ടം 29 (4) (ii) പ്രകാരം പാർക്കിങ്ങിലേക്ക് ആവശ്യമുള്ളതായ സ്ലോപ്പ്, റാംപ് വിഡ്ത്ത് എന്നിവ ലഭ്യമല്ല. കെട്ടിടത്തിലേക്കുള്ള റാംപ് ചട്ടം 23 പ്രകാരം PWD റോഡിൽ നിന്നും 3 മീറ്റർ അകലം പാലിക്കുന്നില്ല. മൂന്നാം നിലയിൽ പ്ലാനിൽ കാണിക്കാത്ത നിർമ്മാണങ്ങൾ നിലവിലുണ്ട് എന്നീ അപാകതകൾ പരിഹരിക്കുന്നതിനാണ് നോട്ടീസ് നൽകിയിട്ടുള്ളത്.

മേൽ അപാകതകളിൽ ചട്ടം 29 (4) (ii) പ്രകാരം പാർക്കിങ്ങിലേക്ക് ആവശ്യമായ സ്ലോപ്പ്, റാംപ് വിഡ്ത്ത് എന്നിവ നിലവിലുള്ള ഭാഗത്ത് ലഭ്യമാക്കുക പ്രായോഗികമല്ല എന്ന് കാണുന്നു. പ്ലോട്ടിൻറെ അടുത്തുള്ള പ്ലോട്ടിൽ പുതുതായി പാർക്കിങ്ങ് സൌകര്യം ഏർപ്പെടുത്താമെന്ന് പരാതിക്കാരൻ നിർദ്ദേശിക്കുകയുണ്ടായി.

**തീരുമാനം.**

09-09-2024 ലെ സർക്കാർ ഉത്തരവ് സഉ (കൈ) നമ്പർ 116/2024/എൽഎസ്ജിഡി പ്രകാരം പാർക്കിങ്ങ് സൌകര്യം കണ്ടെത്തി ആയതുകൂടി പ്ലാനിൽ ഉൾപ്പെടുത്തിയും മറ്റ് അപാകതകൾ പരിഹരിച്ചും അപേക്ഷ പുനഃസമർപ്പിക്കുന്നതിന് പരാതിക്കാരനോട് നിർദ്ദേശിച്ച് തീരുമാനിച്ചു.

**അജണ്ട 6.**
ഏഴോം ഗ്രാമപഞ്ചായത്തിനെതിരെ സുരേശൻ വി എന്നവരുടെ പരാതി.

**<u>പരാതിയുടെ ഉള്ളടക്കം.</u>**
ഏഴോം ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽ ശിവശക്തി ആർട്സ് & സ്പോർട്സ് ക്ലബ്ബ് വായനശക്ക് വേണ്ടി നിർമ്മിച്ച കെട്ടിടത്തിന് ചെറിയ ന്യൂനതകൾ ചൂണ്ടിക്കാണിച്ച് പഞ്ചായത്ത് നമ്പർ അനുവദിക്കുന്നില്ല എന്നതാണ് പരാതി.

ഏഴോം ഗ്രാമപഞ്ചായത്തിലെ ഫയലുകൾ പരിശോധിച്ചതിൽ ശിവശക്തി ആർട്സ് & സ്പോർട്സ് ക്ലബ്ബ് ഗ്രന്ഥാലയത്തിനുവേണ്ടി നിർമ്മിച്ച കെട്ടിടത്തിന് ക്രമവൽക്കരണം നടത്തുന്നതിന് 09-03-2018 ൽ സമർപ്പിച്ച അപേക്ഷ ഗ്രാമപഞ്ചായത്ത് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകളാണ് ഉള്ളത്.
1.റവന്യൂ രേഖകളിൽ കെട്ടിട നിർമ്മാണം നടത്തിയിരിക്കുന്ന ഭൂമിയുടെ തരം നിലം എന്നാണ്.
2.കെ പിആർ ആക്ട് സെക്ഷൻ 220 (B) ലംഘിച്ചാണ് കെട്ടിട നിർമ്മാണം നടത്തിയിരിക്കുന്നത്.
3.2011 ലെ കെപിബിആർ ചട്ടം 58 (2) പ്രകാരം ആവശ്യമായ പിന്നാമ്പുറം ഇല്ല.
4.മേൽ ചട്ടങ്ങൾ ചട്ടം 28 (1) പ്രകാരം ആവശ്യമായ അകലം പാലിക്കുന്നില്ല എന്ന് അപേക്ഷകനെ അറിയിച്ചിട്ടുള്ളതാണ്.

**തീരുമാനം**
റവന്യൂ രേഖകളിൽ ഭൂമിയുടെ തരം നിലം എന്നതിനാൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം ഭൂമിയുടെ തരം മാറ്റേണ്ടതുണ്ട്. പ്രസ്തുത ഭൂമി തരം മാറ്റിയതിന് ശേഷം 2019 നവംബർ 7 ാം തീയ്യതിക്ക് മുമ്പ് നടന്ന നിർമ്മാണമായതിനാൽ കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന അപേക്ഷ നൽകുന്നതിന് പരാതിക്കാരനോട് നിർദ്ദേശിച്ച തീരുമാനിച്ചു.

**അജണ്ട 7.**
ചെറുതാഴം ഗ്രാമപഞ്ചായത്തിനെതിരെ എം പി ഭരതൻ എന്നവരുടെ പരാതി.

**<u>പരാതിയുടെ ഉള്ളടക്കം.</u>**

വീടിൻറെ നികുതി വലിയ തോതിൽ വർദ്ധിച്ചതിനാൽ അടയ്ക്കാൻ സാധിക്കുന്നില്ല എന്നും ആയത് കുറച്ച് തരണമെന്നുമാണ് പരാതി.

പരാതിക്കാരനെ നേരിട്ട് കേട്ടതിൽ നിലവിലുള്ള വീടിനോട് ചേർന്ന് അധിക നിർമ്മാണം നടത്തിയിട്ടുണ്ടെന്ന് പരാതിക്കാരൻ പറഞ്ഞു രേഖകൾ പരിശോധിച്ചതിൽ നിലവിലുള്ള കെട്ടിടത്തിൻറെ ഘടനാമാറ്റം വരുത്തിയതിൻറെ ഭാഗമായി നികുതിപരിഷ്കരണത്തിൻറെ ഭാഗമായാണ് നികുതിയിൽ വർദ്ധനവ് വന്നിട്ടുള്ളത്.

**<u>തീരുമാനം</u>**

നിലവിലുള്ള കെട്ടിടത്തിന് അധിക നിർമ്മാണം നടത്തിയത് വഴിയും നികുതി പരിഷ്കരിച്ചതിൻറേയും അടിസ്ഥാനത്തിലാണ് നികുതി വർദ്ധനവ് സംഭവിച്ചിട്ടുള്ളത് എന്ന് കണ്ടു. ആയതിനാൽ പരാതി നിരസിച്ച തീരുമാനിച്ചു.

<u>അജണ്ട 8.</u>
സലിം നമ്പൂരിക്കണ്ടി ചെറുതാഴം ഗ്രാമപഞ്ചായത്തിനെതിരെ നൽകിയ പരാതി.

<u>പരാതിയുടെ ഉള്ളടക്കം.</u>

ബഹു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ തദ്ദേശം ആദാലത്തിൽ പരാതിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ NH വേണ്ടിയുള്ള LA നോട്ടിഫിക്കേഷൻറേയും കോപ്പി സഹിതം പഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കാനും ഈ കേസിൽ ക്ലാരിഫിക്കേഷനുവേണ്ടി ജെഡി വഴി സർക്കാരിൽ ആവശ്യപ്പെടാനും ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം പരാതിക്കാരൻ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ അപേക്ഷയിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല എന്നതാണ് പരാതി.

പരാതിക്കാരനുവേണ്ടി ഹാജരായ ശ്രീ.രത്നാകരൻ കെ എന്നവർ ബഹു മന്ത്രിയുടെ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ഒക്ടോബർ മാസം നൽകിയ അപേക്ഷയിൽ തുടർനടപടി സ്വീകരിച്ചിട്ടില്ലെന്ന് പരാതിപ്പെട്ടു. ശ്രീ.സലിം നമ്പൂരിക്കണ്ടിയുടെ അപേക്ഷ ജോയിൻറ് ഡയറക്ടർ എൽഎസ്ജിഡി ക്ക് 12-12-24 ന് നൽകിയിട്ടുള്ളതാണെന്നുംആയതിൻറെ പകർപ്പ് പരാതിക്കാരന് തപാൽ മുഖേന അയച്ച് നൽകിയിട്ടുള്ളതാണെന്നുംഗ്രാമപഞ്ചായത്തുമായി വേണ്ടി ഹാജരായ ജൂനിയർ സൂപ്രണ്ട് അറിയിച്ചു.

<u>തീരുമാനം</u>
ശ്രീ.സലിം നമ്പൂരിക്കണ്ടിയുടെ അപേക്ഷ തുടർനടപടികൾക്കായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിൻറ് ഡയറക്ടർ, കണ്ണൂരിന് 12-12-24 തീയ്യതിയിൽ അയച്ചു നൽകിയിട്ടുണ്ട്. ആയതിൻറെ പകർപ്പ് ലഭ്യമായിട്ടില്ല എന്ന് പരാതിക്കാരൻ അറിയിച്ചതിൻറെ അടിസ്ഥാനത്തിൽ ഇന്നുതന്നെ പകർപ്പ് പരാതിക്കാരന് നൽകുന്നതിന് നിർദ്ദേശിച്ച് തീരുമാനിച്ചു.

യോഗം ഉച്ചക്ക് ശേഷം 1.30 ന് അവസാനിച്ചു